പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 4401

28.06.2012- ലെ
മറുപടിക്ക്

# കയർ കേരള 2012-ന്റെ നടത്തിപ്പ് ചെലവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എ. അസീസ്<br>,, കോവൂർ കുഞ്ഞുമോൻ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ)ആലപ്പുഴയിൽ നടത്തിയ കയർ കേരള 2012 ന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന് എത്ര തുകയുടെ ചെലവാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) ആലപ്പുഴയിൽ നടത്തിയ കയർ കേരള 2012 ന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന് 2,80,00,000/- രൂപയുടെ ചെലവാണ് ഉണ്ടായിട്ടുള്ളത്. |
| (ബി)പ്രസ്തുത പരിപാടി മുഖാന്തിരം സംസ്ഥാനത്ത് എത്ര തുകയ്ക്കുള്ള കയർ ഉൽപ്പന്നങ്ങളുടെ ഓർഡർ ഏതൊക്കെ വിദേശ രാജ്യങ്ങളിൽ നിന്ന് ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) കയർ കേരള 2012 പരിപാടി മുഖാന്തിരം ഏകദേശം 100 കോടി രൂപയുടെ കയർ ഉൽപ്പന്നങ്ങളുടെ ഓർഡർ ലഭിച്ചു എന്നാണ് കണക്കാക്കപ്പെടുന്നത്.<br><br>2012- ലെ കയർ കേരള വഴി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന് 4 വിദേശ - ആഭ്യന്തര പാർട്ടികളുമായി (സൗത്ത് ആഫ്രിക്ക, ടാൻസാനിയ എന്നീ രാജ്യങ്ങളിൽ നിന്നുള്ള ) ധാരണാ പത്രം ഒപ്പിടുവാൻ സാധിച്ചു. ധാരണാപത്രം ഒപ്പിട്ട നാല് പാർട്ടികളിൽ ഒരു പാർട്ടിയുടെ ഓർഡർ പ്രകാരം 50 ലക്ഷം രൂപയുടെ കയർ ഉൽപ്പന്നങ്ങളുടെ ഓർഡർ ലഭിച്ചതിനെ തുടർന്ന് 30 ലക്ഷം രൂപയുടെ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുകയും |

| | |
|---|---|
| | ചെയ്തു. ഫോംമാറ്റിംഗ്സ് (ഇന്ത്യാ) ലിമിറ്റഡിന് 21.5 ലക്ഷം രൂപയുടെ വിദേശ ഓർഡറുകൾ (ആസ്ട്രേലിയ, ഇംഗ്ലണ്ട്, ബഹ്റിൻ എന്നീ രാജ്യങ്ങളിൽ നിന്നും) ലഭിയ്ക്കുകയും അത്രയും രൂപയ്ക്കുള്ള ഉൽപ്പന്നങ്ങൾ കയറ്റി അയയ്ക്കുകയും ചെയ്തിട്ടുണ്ട്. കയർഫെഡിന് 1 കോടി രൂപയുടെ ഓർഡർ (ലിബിയ, ദുബായ്) ലഭിച്ചതിൽ 48.5 ലക്ഷം രൂപക്കുള്ള ഉത്പന്നങ്ങൾ കയറ്റുമതി ചെയ്തു. |

സെക്ഷൻ ഓഫീസർ